01
ഡിസംബർ
2019

കൊറേ കാടുകളിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ഏക വനപത്രം


# ജംഗിൾ ന്യൂസ്

ജംഗിൾ ന്യൂസ് പത്രത്തിലേക്ക് കൂട്ടുകാരുടെ
രസകരമായ വാർത്തകൾ ക്ഷണിക്കുന്നു..
പേര്, ക്ലാസ്, സ്കൂൾ എന്നിവ ചേർക്കാൻ മറക്കരുത്.
വാർത്തകൾ വാട്സാപ്പ് ചെയ്യുക:
8281572448

JUNGLE NEWS DAILY, PUBLISHED FROM THIRUVANAM PURAM, KOZHIKOOD, ERUMAKULAM, MAYILPURAM, PATTIKKAD, KAKKANCHERY

## ആനക്കാട്ടിൽ ആർക്കും ഭൂരിപക്ഷമില്ല, ഭരണ പ്രതിസന്ധി


**ആനക്കോട്ട:** ആനക്കാട്ടിൽ നടന്ന വനസഭാ തെരഞ്ഞെടുപ്പിൽ ആർക്കും ഭൂരിപക്ഷമില്ല. മൊത്തം നൂറു സീറ്റിൽ ബലൂൺ ജംഗിൾ പാർട്ടിക്ക് 40 ഉം വന കോൺഗ്രസിന് 35 ഉം സീറ്റാണുള്ളത്. ഭരിക്കണമെങ്കിൽ 50 സീറ്റാണ് വേണ്ടത്. ജയിച്ച മറ്റു സ്വതന്ത്ര സ്ഥാനാർഥികളെ കൂട്ടുപിടിച്ചാൽ മാത്രമേ മുഖ്യധാരാ പാർട്ടികൾക്ക് സംസ്ഥാനം ഭരിക്കാൻ പറ്റൂ. രണ്ട് പാർട്ടിക്കാരും മറ്റു എം. എൽ.എ മാരെ ചാക്കിട്ട് പിടി




ക്കാൻ തുടങ്ങിയിട്ടുണ്ട്. അതുമാത്രമല്ല സ്വന്തം സ്ഥാനാർത്ഥികൾ മറുകണ്ടം ചാടാതിരിക്കാൻ എല്ലാവരെയും റിസോർട്ടിൽ പൂട്ടിയിട്ടിരിക്കുകയമാണ്. ഇത്തരമൊരു അവസ്ഥ മൃഗാധിപത്യ വ്യവസ്ഥക്ക് തന്നെ നാണക്കേടാണെന്ന് പ്രമുഖ എഴുത്തുകാരൻ ഡിസൂസ ബിയർ പറഞ്ഞു. കാശ് കണ്ടാൽ എങ്ങോട്ടേക്കും ചായുന്ന മൃഗ പ്രതിനിധികൾ കാടിന് നാണക്കേടാണെന്ന് അദ്ദേഹം പറഞ്ഞു.

നല്ലവരെ വിജയിപ്പിക്കാതെ ഇത്തരത്തിലുള്ള കള്ളനാണയങ്ങളെ ജയിപ്പിക്കുന്ന മൃഗങ്ങൾ തന്നെയാണ് ഈ അവസ്ഥക്ക് കാരണമെന്നും ഡിസൂസ ബിയർ കൂട്ടിച്ചേർത്തു.

## ഓന്തൻ കുമാറും നിർമാതാവും തമ്മിൽ പുതിയ വിവാദം



**മാൻമല:** തന്നെ നിർമാതാവ് നിരന്തരം ഭീഷണിപ്പെടുത്തുന്നു എന്നും എനിക്ക് ഭയമാകുന്നുവെന്നു മൊക്കെയുള്ള നടൻ ഓന്തൻ കുമാറിന്റെ ഫേസ്ബുക്ക് ലൈവ് സിനിമാലോകത്ത് പുതിയ വഴക്കിന് തുടക്കമിട്ടു. തന്റെ സിനിമ പൂർത്തിയാക്കാതെ വേറെ സിനിമയിൽ അഭിനയിക്കാൻ ഓന്തൻ പോയെന്നും മറ്റുമാണ് നിർമാതാവ് ബൈജു ടൈഗർ പറയുന്നത്. എന്നാൽ എന്നോട് സെപ്റ്റംബറിൽ സിനിമ തീരും എന്നാണ് പറഞ്ഞിരുന്നതെന്നും അത് നടക്കാത്തതുകൊണ്ടാണ് പ്രശ്നം വന്നതെന്നുമാണ് ഓന്തൻ പറയുന്നത്. തന്നെ സിനിമയിൽ നിന്ന് ഔട്ടാക്കാനുള്ള ശ്രമങ്ങളാണ് ബൈജു നടത്തുന്നത്. എന്നാൽ ചന്തുവിനെ തോൽപ്പിക്കാനാവില്ല എന്ന നിലപാടിലാണ് ഓന്തൻകുമാർ. ഒരുപാട് നിറംമാറാൻ കഴിയുന്ന എന്റെയടുത്ത് ജനിച്ചപ്പോളുള്ള അതേ നിറം കൊണ്ട് നടക്കുന്ന ബൈജു ടൈഗർ കളിക്കാൻ വരണ്ട എന്നും ഓന്തൻ പറഞ്ഞു. പണ്ടു കാലത്തെ ദിനോസറിന്റെ ഒരു മുഖഛായ ഉള്ളവനാണ് താനെന്നും അതോണ്ട് കളി എന്നോടുവേണ്ട എന്നും ഓന്തൻ പറഞ്ഞു.


## മൂത്രമൊഴിക്കാൻ പോലും സമ്മതിക്കുന്നില്ല- ചിന്നുമുയൽ



**മുയൽ പൊട്ടി:** ആനക്കോട്ടയിലെ മുയൽപൊട്ടി മണ്ഡലത്തിൽ നിന്നും മൽസരിച്ചു ജയിച്ച ചിന്നുമുയൽ വാട്ട്സപ്പിൽ ഭാര്യക്കയച്ച വോയ്സ് മെസേജ് വൈറലായി. ബലൂൺ ജംഗിൾ പാർട്ടിയുടെ സ്ഥാനാർത്ഥി ആയിട്ടായിരുന്നു മൽസരിച്ചത്. താൻ പാർട്ടി മാറുമോ എന്ന് പേടിച്ച് തന്നെ ഒരിടത്ത് പൂട്ടിയിട്ടിരിക്കുകയാണെന്നും ടോയ്‌ലറ്റിൽ പോകാൻ പോലും തന്നെ പാർട്ടി സമ്മതിക്കുന്നില്ലെന്നും പറഞ്ഞ് പൊട്ടിക്കരയുകയായിരുന്നു ചിന്നു. മുമ്പ് ഞാൻ വേറെ പാർട്ടിയിലായിരുന്നു, ഇപ്പോൾ ബലൂൺ പാർട്ടിയിൽ. ഇനിയും എനിക്ക് പാർട്ടി മാറാനുള്ള അവകാശമുണ്ടെന്നും പറഞ്ഞ് ചിന്നുമുയൽ ഇടക്ക് ക്ഷുഭിതനാവുന്നുമുണ്ട്. മൂത്രമൊഴിക്കാനൊന്നും ഇനി സമ്മതിക്കില്ലെന്നും ടോയ്‌ലറ്റിന്റെ ഹോളിലൂടെ താൻ രക്ഷപ്പെടാൻ സാധ്യതയുണ്ടെന്നും വേണമെങ്കിൽ ഡയപ്പർ വാങ്ങിത്തരാമെന്നുമാണ് ഇപ്പോൾ പാർട്ടി പറയുന്നത്. പ്രകൃതി സ്നേഹിയായ താൻ ഡയപ്പറുകൾക്കെതിരാണെന്നും അത് മണ്ണിന് കേടാണെന്നും അത്തരത്തിലുള്ള എന്നോട് പാർട്ടിക്ക് ഇക്കാര്യം പറയാൻ എങ്ങനെ ധൈര്യം വന്നുവെന്നും ചിന്നു ചോദിക്കുന്നുണ്ട്. തന്റെ ഭർത്താവിനെ കാണാനില്ല എന്നു പറഞ്ഞ് ചിന്നുവിന്റെ ഭാര്യ പോലീസിൽ പരാതി നൽകിയിട്ടുണ്ട്.

## സോളോ റൈഡ്- താരമായി ജിങ്കു കുറുക്കൻ

കാടുകളിലൂടെ തനിച്ച് തന്റെ ബൈക്കിൽ മൂന്ന് മാസം സമയമെടുത്ത് കറങ്ങിത്തിരിഞ്ഞ് അലഞ്ഞ് വന്ന ജിങ്കു കുറുക്കൻ നാടിന്റെ അഭിമാനമായി. ചപ്രത്തലമുടിയുമായി വീട്ടിലേക്ക് വന്ന ജിങ്കുവിനെ അമ്മക്കുപോലും മനസ്സിലായില്ല. ഞാൻ കാടിന്റെ അനന്തതയും മൃഗങ്ങളുടെ വിഹ്വലതയും കണ്ടു അമ്മേ എന്നും പറഞ്ഞ് ഓടി വരികയായിരുന്നു ജിങ്കു. എന്താണ് ജിങ്കു പറഞ്ഞതിന്റെ അർത്ഥം എന്ന് അമ്മക്കോ നാട്ടുകാർക്കോ മനസ്സിലായില്ലെങ്കിലും എല്ലാവരും ഏകസ്വരത്തിൽ അവനോട് പോയി കുളിക്കാൻ



പറയുകയായിരുന്നു. കാട് കാണാനിറങ്ങിയ സാഹസികനായ ജിങ്കുവിനെ കാണാൻ വീട്ടിൽ വലിയ തിരക്കായിരുന്നു. ജിങ്കുവിന്റെ യാത്രാനുഭവങ്ങൾ വനലോകം ഓൺലൈൻ സൈറ്റിൽ ഉടൻ പ്രസിദ്ധീകരിച്ചു തുടങ്ങും.